**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>പത്രക്കുറിപ്പ്</u>**
**<u>കീം –2022</u>**
**<u>എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം–2022 രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.</u>**

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും 2022 ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 23.11.2022 – ന് പ്രസിദ്ധീകരിച്ച താത്ക്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച സാധുവായ പരാതികൾ പരിഹരിച്ചശേഷമാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് **24.11.2022** മുതൽ അവരവരുടെ ഹോം പേജിലെ **'Data sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ **ഫീസ് 25.11.2022 മുതൽ 28.11.2022 വൈകുന്നേരം 4.00 മണി** വരെ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ് ) ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **25.11.2022 മുതൽ 28.11.2022 വൈകിട്ട് 4.00** മണി വരെ പ്രവേശനം നേടാവുന്നതാണ്. **<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>** *<u>അലോട്ട്മെന്റ് ലഭിച്ചവരിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത മുഴുവൻ വിദ്യാർത്ഥികളുടേയും അലോട്ട്മെന്റ് (ഫീസ് സൗജന്യം ലഭ്യമായവർ ഉൾപ്പെടെ) റദ്ദാകുന്നതാണ്.</u>*

വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.11.24 19:30:23 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**24/11/2022**